## 2012–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സറ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഓണത്തിനുമുമ്പ് തൊഴിലാളികൾക്കെല്ലാം ചില entitlements റിലീസ് ചെയ്യണമെന്നുള്ള ആവശ്യം മുന്നോട്ട് വന്നിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് റിബേറ്റ് ഉടനെ കൊടുക്കണമെന്ന ഒരാവശ്യം വന്നിട്ടുണ്ട്. അവരുടെ റിബേറ്റ് ഉടനെ റിലീസ് ചെയ്യുന്നതാണ്. കയർ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നിലവിലുള്ള പത്തുകോടി രൂപയ്ക്ക് പുറമേ പത്തുകോടി രൂപകൂടി കൂട്ടി 20 കോടി രൂപയായി കയർ തൊഴിലാളികൾക്ക് കൊടുക്കുന്നതാണ്. ഫിഷർമെൻ ഹൗസിംഗിന് നാലു കോടി രൂപയാണ് ബഡ്ജറ്റിലുള്ളത്. അത് പത്തുകോടി രൂപ കൂട്ടി 14 കോടി രൂപയായി കൊടുക്കുന്നതാണ്. കാഷ്യൂ ഡെവൽപ്പ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും കൂടി ബഡ്ജറ്റ് അലോക്കേഷന്റെ ഒന്ന് പകുതി ഉടനെതന്നെ റിലീസ് ചെയ്യുന്നതാണ്. കുടുംബാംഗങ്ങൾ തമ്മി

ലുള്ള എല്ലാ കരണങ്ങൾക്കും കൂടിയ സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപ ആക്കിയപ്പോൾ അതിനുള്ള രജിസ്ട്രേഷൻ ഫീസ് പല രീതിയിലാണ് ഈടാക്കിയിരുന്നത്. ഇത് ഒരു ശതമാനമായി ഈ ബഡ്ജറ്റിൽ ഏകീകരിക്കുകയുണ്ടായി. ഇപ്പോൾ ഒരു ഭേദഗതി വരുത്തിയിട്ടുണ്ട്. ഒരു ശതമാനമോ ഇരുപത്തി അയ്യായിരം രൂപയോ ഏതാണ് കുറവ് അത് രജിസ്ട്രേഷൻ ഫീസായി നിജപ്പെടുത്തിയിരിക്കുന്നു. അതിന്റെ അർത്ഥം മാക്സിമം ഇരുപത്തി അയ്യായിരം രൂപ മാത്രമേ കുടുംബ കരണങ്ങൾക്ക് രജിസ്ട്രേഷൻ ഫീസായി ഉണ്ടാവുകയുള്ളൂ. ഇത്രയും മാത്രമേ പറയാനുള്ളൂ. അതുകൊണ്ട് ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: 2012–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2–ഉം 3–ഉം വകുപ്പുകൾ

മി. സ്പീക്കർ: 2–ഉം 3–ഉം വകുപ്പുകൾ ഭേദഗതിയില്ല.

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

മി. സ്പീക്കർ: ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

മി. സ്പീക്കർ: ഭേദഗതിയില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: നമ്മുടെ ചട്ടമനുസരിച്ച് ഇത് ഒന്നര മണിക്കാണ് വോട്ടിനിടേണ്ടത്. അത് വേവ് ചെയ്യുന്നു. 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...........

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പാസ്സായിരിക്കുന്നു.

**റൂളിംഗ്**

**സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട പ്രശ്നം**

മി. സ്പീക്കർ: 2012 ജൂലൈ 10-ാം തീയതി വ്യവസായവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിക്കവേ ശ്രീ. കെ. എം.

ഷാജി, ശ്രീ. പി. ശ്രീരാമകൃഷ്ണനെതിരെ ഒരു സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ ഉന്നയിക്കുകയും ശ്രീ. പി. ശ്രീരാമ കൃഷ്ണൻ പ്രസ്തുത ആരോപണങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്നു. ഈ ചർച്ചയിലിടപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. പി. ശ്രീരാമകൃഷ്ണനുകൂടി ബന്ധമുള്ള ഒരു സ്വാശ്രയ കോളേജുണ്ടെന്നും അതിന് അനുമതി കൊടുത്തിട്ടുണ്ടെന്നും അതിനായി ശ്രീ. പി. ശ്രീരാമകൃഷ്ണൻ മന്ത്രിയെ സമീപിച്ചിട്ടുണ്ടെന്നും പറയുകയു ണ്ടായി. ആരോപണം ഉന്നയിച്ച അംഗവും അത് നിഷേധിച്ച അംഗവും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച രേഖകൾ ചെയറിന് നൽകണമെന്നും അവ പരിശോധിച്ച് തീരുമാനം സഭയെ അറിയിക്കുമെന്നും ജൂലൈ 10–ാം തീയതി ചെയർ റൂൾ ചെയ്തിരു ന്നു. ബന്ധപ്പെട്ട അംഗങ്ങൾ തങ്ങളുടെ ഭാഗം സ്ഥാപിക്കുന്നതിനായുള്ള രേഖകൾ ചെയറിന് നൽകുകയുണ്ടായി. ചെയർ പ്രസ്തുത രേഖകൾ പരി ശോധിച്ചു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി രൂപീകരിച്ച പ്രവാസി ഇന്റർനാഷണൽ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റെന്ന സ്ഥാപനത്തിന്റെ ഭരണസമിതിയിലോ, ഡയറക്ടർ ബോർഡിലോ, ട്രസ്റ്റിലോ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അംഗമല്ലായെന്നത് രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ പ്രസ്തുത ട്രസ്റ്റിന്റെ കീഴിലുള്ള പ്രവാസി എഞ്ചിനീയറിംഗ് കോളേജ് ആന്റ് റിസർച്ച് സെന്ററിന്റെ ചീഫ് പ്രമോട്ടറായി ശ്രീ. പി. ശ്രീരാമകൃഷ്ണനുണ്ട് എന്നാണ് ആ സ്ഥാപന ത്തിന്റെ ബ്രോഷറിൽ നിന്നും അതിന്റെ വെബ്സൈറ്റിന്റെ ഹോം പേജിൽനിന്നും മനസ്സിലാകുന്നത്. പ്രവാസി ഇന്റർനാഷണൽ എഡ്യൂക്കേഷ ണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാൻ നൽകിയിട്ടുള്ള അഫിഡവിറ്റിൽ The trust has availed service of prominent persons in the society as promoter who are in terms of serving the role of advisers to the trust എന്നും, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവരുടെ ഒരു അഡ്വൈസറായി

പ്രവർത്തിക്കുകയാണെന്നും സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഇതിൽനിന്നും ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രസ്തുത ട്രസ്റ്റിന്റെ കീഴിലുള്ള പ്രവാസി എഞ്ചിനീയറിംഗ് കോളേജ് ആന്റ് റിസർച്ച് സെന്ററിന്റെ ഒരു പ്രമോട്ടർ മാത്രമാണെന്നും പ്രസ്തുത ട്രസ്റ്റിൽ അംഗമല്ലെന്നും ചെയർ അറിയിക്കുന്നു.

മി. സ്പീക്കർ : ഓർഡർ.......ഓർഡർ.......

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : 2012 മാർച്ച് 7-ാം തീയതി നടന്ന ആറ്റുകാൽ പൊങ്കാലമഹോത്സവത്തിൽ പങ്കെടുത്ത സ്ത്രീകൾക്കെതിരെ കേസ്സെടുത്ത നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനം ഉന്നയിക്കുന്നതിന് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് ചെയർ പരിശോധിച്ചു. ആറ്റുകാൽ പൊങ്കാലയിൽ പങ്കെടുത്തവർക്കെതിരെ ചാർജ്ജു ചെയ്ത കേസ് പിൻവലിച്ച് കേസെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുള്ളതിനാലും ഇക്കാര്യത്തിൽ അവകാശലംഘനം നടന്നിട്ടുള്ളതായി കാണാത്തതിനാലും നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായുള്ള പ്രത്യേക നിയമസഭാ സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ പൊതുവേദിയിൽ അവഹേളനാപരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ചുകൊണ്ട് ശ്രീ. പാലോട് രവി എം.എൽ.എ. നൽകിയ നോട്ടീസിലെ വിഷയം സംബന്ധിച്ച് 08.03.2012-ന് ചെയർ റൂളിംഗ് നൽകിയതിനാൽ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിരസിക്കുന്നു.

നിയമസഭാ സമ്മേളന സമയത്ത് സർക്കാർ ചടങ്ങുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 26.06.2012-ൽ ചെയർ റൂളിംഗ് നൽകിയതിനാൽ ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു.

2012 ജൂലൈ 8-ന് കെ.എസ്.എഫ്.ഡി.സി. ആലപ്പുഴയിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രോട്ടോക്കോൾ ലംഘനം നടത്തിയെന്ന് കാണിച്ച് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെ ശ്രീ. ജി. സുധാകരൻ നൽകിയ അവകാശലംഘന നോട്ടീസ് ചെയർ പരിശോധിച്ചു. കെ.എസ്.എഫ്.ഡി.സി. സംഘടിപ്പിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട അംഗത്തിന് ചട്ടപ്രകാരം മന്ത്രിമാരുടെ പ്രസംഗത്തിന് ശേഷം സംസാരിക്കുന്നതിന് അവസരം നൽകിയിരുന്നതായി പ്രോഗ്രാം നോട്ടീസിൽനിന്നും മനസ്സിലാക്കുന്നു. ആയതിനാൽ ശ്രീ. ജി. സുധാകരന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ രണ്ടാമത് സമ്മേളനത്തിലെ 6553-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് അന്നത്തെ ആരോഗ്യവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് നൽകിയ മറുപടിയിന്മേൽ ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ നൽകിയ അവകാശ ലംഘന നോട്ടീസിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന നോട്ടീസിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

## ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: ലൈബ്രറിയിൽ വയ്ക്കുന്നതാണ്. അംഗങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

## പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭ മുമ്പാകെ തൽക്കാലം വയ്ക്കാൻ ഗവൺമെന്റിന് മറ്റ് ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിലേക്ക് തിരിച്ചുപോയി.)

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. ജൂൺ പതിനൊന്നിനാരംഭിച്ച് 29 ദിവസം സഭ സമ്മേളിച്ചു. 2012–2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥന ചർച്ചയായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന പരിപാടി. 13 ദിവസം നടന്ന വകുപ്പുതിരിച്ചുള്ള ചർച്ചകളിൽ എല്ലാ അംഗങ്ങളും വളരെ സജീവമായി പങ്കെടുത്തു. ഈ സമ്മേളനത്തിൽ 840 നക്ഷത്രചിഹ്നമിട്ടതും 8419 നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. സഭയിൽ 96 ചോദ്യങ്ങൾക്ക് വാക്കാൽ മറുപടി ലഭിച്ചു. 46 ശ്രദ്ധക്ഷണിക്കലുകളും 303 സബ്മിഷനുകളും അംഗങ്ങൾ അവതരിപ്പിച്ചു. സഭയിൽ അവതരിപ്പിക്കാൻ കഴിയാതിരുന്ന എഴുപതോളം സബ്മിഷനുകളുടെ മറുപടി മന്ത്രിമാർ അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. 21 അടിയന്തരപ്രമേയ അവതരണത്തിനുള്ള നോട്ടീസുകൾ സഭ മുമ്പാകെ വന്നു. രണ്ട് ധനവിനിയോഗ ബിൽ ഉൾപ്പെടെ 13 ബില്ലുകൾ ഈ സഭയിൽ പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തു. സേവനാവകാശ ബിൽ ഈ സമ്മേളനത്തിന്റെ പ്രധാനപ്പെട്ട സംഭാവനയാണ്. ഈ സമ്മേളനത്തിൽ അനൗദ്യോഗികാംഗങ്ങൾക്കായി നീക്കിവച്ച ദിവസങ്ങൾ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട് എന്നത് എടുത്തുപറയേണ്ട അഭിമാനകരമായ

ഒന്നാണ്. അതിന് അംഗങ്ങളെയും ബന്ധപ്പെട്ട എല്ലാവരേയും ചെയർ ഒന്നുകൂടി അഭിനന്ദിക്കുന്നു. 3 അനൗദ്യോഗിക പ്രമേയങ്ങൾ ചർച്ച ചെയ്യുകയും ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു. 9 അനൗദ്യോഗിക പ്രമേയങ്ങൾ അവതരണാനുമതി നേടി. ചട്ടം 205 ബി പ്രകാരം അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടിനെപ്പറ്റിയും ചട്ടം 58 പ്രകാരം നബാർഡിന്റെ നാല് റീജീയണൽ ഓഫീസുകൾ നിർത്തലാക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയും സദാചാര പോലീസ് സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങളെപ്പറ്റിയും ഒരു മണിക്കൂർ ചർച്ചകളും നടന്നു. ചട്ടങ്ങൾക്കുള്ള ഒരു ഭേദഗതി നോട്ടീസ് സഭാ സമ്മേളനത്തിൽ പരിഗണിച്ചു. നിയമസഭാ സമ്മേളനം ദൃശ്യ-ശ്രവ്യ സംവിധാനം ഏറ്റവും നവീനമായി പരിഷ്ക്കരിച്ച ഹാളിലാണ് നടന്നത്. നിയമസഭാ നടപടികൾ പൂർണ്ണമായും വെബ് കാസ്റ്റ് ചെയ്യുന്നതോടൊപ്പം ദൃശ്യങ്ങൾ ആവശ്യാനുസരണം ലഭ്യമാകുന്ന വീഡിയോ ഓൺ ഡിമാന്റ് സംവിധാനവും നടപ്പായി. ഐ.എച്ച്.ആർ.ഡി.യുടെ സാങ്കേതിക സഹായത്തോടെ നിയമസഭാ സെക്രട്ടേറിയറ്റിലെ ഐ.ടി. വിഭാഗവും ഇലക്ട്രോണിക്സ് വിഭാഗവുമാണ് ഇത് സാധ്യമാക്കിയത്. ഈ വിഭാഗങ്ങളിലെ ജീവനക്കാർ പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. സേവനാവകാശ ബില്ലിന് ബാക്ക്ഗ്രൗണ്ട് നോട്ട് തയ്യാറാക്കിയ റിസർച്ച് വിഭാഗത്തെയും ചെയർ അഭിനന്ദിക്കുന്നു. നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോഴും അവസാനദിവസം സമ്മേളനം അവസാനിക്കുമ്പോഴും ദേശീയഗാനം ആലപിക്കുന്ന രീതി ഈ സമ്മേളനത്തോടെ ആരംഭിച്ചിട്ടുണ്ട്. ദീർഘമായ ഈ സമ്മേളനം ഭംഗിയായി നടത്താൻ ചെയറിന് എല്ലാഭാഗത്തുനിന്നുമുണ്ടായ പൂർണ്ണമായ സഹകരണത്തിന് നന്ദി പറയുന്നു. ഒറ്റപ്പെട്ട ചില സംഭവങ്ങളും അവസാനദിവസത്തെ ദൗർഭാഗ്യകരമായ സംഭവവും ഒഴികെ നമുക്ക് സമ്മേളനം സഹകരണത്തോടെ നടത്താൻ കഴിഞ്ഞു. എല്ലാ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസ സംഘർഷങ്ങൾക്കിടയിലും ഈ സഭയ്ക്കുള

ളിൽ എല്ലാ അംഗങ്ങളും തമ്മിൽ വച്ചുപുലർത്തുന്ന ഊഷ്മളമായ സൗഹൃദത്തെ ബഹുമാനപുരസ്സരം ചെയർ കാണുന്നു. ഈ സൗഹൃദം രാഷ്ട്രീയമായിട്ടല്ലെങ്കിൽപ്പോലും തീർച്ചയായും ഇനിയും പുലർത്തണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്. ഈ സൗഹൃദം അതുപോലെ എക്കാലവും പൂത്തുലഞ്ഞു നിൽക്കുകയും വേണം. ഇതിനായി സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, മാധ്യമ പ്രവർത്തകർ, നിയമസഭാ സെക്രട്ടേറിയറ്റിലേയും സെക്രട്ടേറിയറ്റിലേയും മറ്റ് വകുപ്പുകളിലെയും ജീവനക്കാർ ഇതുമായി ബന്ധപ്പെട്ട എല്ലാവരോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

മലയാളം ക്ലാസിക്കൽ ഭാഷയാക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മലയാളവർഷാരംഭമായ ചിങ്ങം വന്നെത്തുകയാണ്. എല്ലാവർക്കും ഹൃദ്യമായ പുതുവർഷവും ഓണം-റംസാൻ ആശംസകളും നേരുന്നു. എല്ലാവർക്കും നല്ലതുവരട്ടെ. വീണ്ടും കാണാം. സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടുകൂടി സഭ രാവിലെ 11.37 -ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

********